# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.242 08.05.2017-ൽ മറുപടിയ്ക്ക്

## ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം

ചോദ്യം | ഉത്തരം

ശ്രീ. ഐ.ബി.സതീഷ്
" ജെയിംസ് മാത്യു
" പി.ടി.എ.റഹീം
" യു.ആർ പ്രദീപ്

പ്രൊഫ: സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

എ) ഗുണമേന്മയുള്ള വിദ്യാഭ്യാസമെന്ന കുട്ടികളുടെ അവകാശം നിറവേറ്റാനായി സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ അറിയിക്കാമോ;

എ) ഗുണമേന്മയുള്ള വിദ്യാഭ്യാസം വിദ്യാർത്ഥികളുടെ അവകാശമാണ് എന്ന കാഴ്ചപ്പാടോടെ നിരവധി പരിപാടികൾ വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കി വരുന്നു. അതിൽഏറ്റവും പ്രധാനപ്പെട്ടതാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. അക്കാദമിക നിലവാരം ഉയർത്തൽ, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, സാമൂഹിക പിന്തുണ ഉറപ്പുവരുത്തൽ എന്നിവയിൽ ഊന്നികൊണ്ടാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം മുന്നേറുന്നത്. ഇതിലേക്ക് സംസ്ഥാന തലത്തിൽ ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. എസ്.സി.ഇ.ആർ.ടി, ഐ.റ്റി@ സ്കൂൾ, സീമാറ്റ്, ഡയറ്റ്, ആർ.എം.എസ്.എ, എസ്.എസ്.എ, എന്നിവ ടാസ്ക് ഫോഴ്സിന്റെ ഭാഗമായി കൊണ്ട് പദ്ധതിക്ക് നേതൃത്വം നൽകുന്നു. സംസ്ഥാനത്തെ സ്കൂളിലെ ഇംഗ്ലീഷ് പഠനത്തിന്റെ നിലവാരം ഉയർത്തുന്നതിനായി എസ്.സി.ഇ.ആർ.ടി.യും എസ്.എസ്.എയും സഹകരിച്ച് ഹലോ ഇംഗ്ലീഷ് എന്ന പദ്ധതി നടപ്പിലാക്കി. അദ്ധ്യാപക പരിശീലനങ്ങളിലൂടെ നൂതനമായ പഠനാബോധന തന്ത്രങ്ങൾ വ്യാപിപ്പിക്കാൻ ശ്രമിച്ചു വരുന്നു. ഒന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസ്സുകളിലെ അദ്ധ്യാപകർക്ക് അവധികാല പരിശീലനം നൽകുന്നതിന് പദ്ധതിയിട്ടിട്ടുണ്ട്. പ്രൈമറി വിഭാഗത്തിന്റെ പരിശീലനം ആരംഭിച്ചു കഴിഞ്ഞു. സെക്കൻഡറി അദ്ധ്യാപക പരിശീലനത്തിനുള്ള റിസോഴ്സ് പേഴ്സൺ പരിശീലനം നടന്നുവരികയാണ്. ഹയർസെക്കണ്ടറിയിൽ കമ്പ്യൂട്ടർ പരിശീലനത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. കമ്പ്യൂട്ടർ സാങ്കേതിക വിദ്യയുടെ സഹായത്തോടെ പഠനം ഫലപ്രദമാകുന്നതിന് ഇ കണ്ടന്റ് വികസിപ്പിക്കാനുള്ള പദ്ധതികൾ പുരോഗമിച്ചുവരുന്നു. ഇതിനായി ഐ.റ്റി@സ്കൂൾ ഒരു പോർട്ടലിന് രൂപം നൽകിയിട്ടുണ്ട്.

ബി) വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങളായ അവസര സമത്വം, തുല്യത തുടങ്ങിയ ഭരണഘടനാപരമായി സിദ്ധിച്ചിട്ടുള്ള അവകാശങ്ങൾ ഹനിക്കുന്ന സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ ബോർഡുകളോട് അഫിലിയേറ്റ് ചെയ്യുന്ന സ്കൂളുകൾക്ക് എൻ.ഒ.സി.നൽകുന്ന രീതി അവസാനിപ്പിക്കുമോ;

ബി) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളെ പരിപോഷിപ്പിക്കുക എന്ന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സ്കൂളുകൾക്ക് ഇപ്പോൾ എൻ.ഒ.സി. നൽകുന്നില്ല.

സി) യശ്പാൽ കമ്മീഷൻ ശിപാർശ ചെയ്ത പോലെ കേന്ദ്രീയ വിദ്യാലയങ്ങളും നവോദയവിദ്യാലയങ്ങളും ഒഴികെയുള്ള എല്ലാ വിദ്യാലയങ്ങളും സംസ്ഥാന ബോർഡിനോട് അഫിലിയേറ്റ് ചെയ്യുമെന്ന കാര്യം പരിഗണിക്കുമോ?

സി) ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ